പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 832</u> — <u>30.10.2019-ൽ മറുപടിയ്ക്ക്</u>

# അയിലൂരിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റൽ

**ചോദ്യം**

ശ്രീ.കെ. ബാബു

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ അയിലൂറിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | എ) | അയിലൂരിൽ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി ഹോസ്റ്റലിൽ 67 കുട്ടികൾ താമസിക്കുന്നുണ്ട്. വകുപ്പിന്റെ അധീനതയിലുള്ള സ്വന്തം കെട്ടിടം നിർമ്മിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) & സി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അയിലൂർ പ്രീമെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ആർട്ടിക്കിൾ 275(1)-ൽ ഉൾപ്പെടുത്തി 2.50 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. എം.എസ് നാരായണമൂർത്തി s/o ശേഷാദ്രി എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും അയിലൂർ വില്ലേജിലെ 101/1 സർവ്വേ നമ്പർ സബ്ഡിവിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ 30 സെന്റ് സ്ഥലം വകുപ്പിന് കൈമാറിക്കൊണ്ട് 18/09/2018-ന് ചിറ്റൂർ തഹസിൽദാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ അക്രഡിറ്റഡ് സ്ഥാപനമായ KEL -നെ ചുമതലപ്പെടുത്തുകയും, കെട്ടിടത്തിന്റെ തറകല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്തിന് അവകാശവാദം |
| സി) | ഈ ഹോസ്റ്റലിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉന്നയിച്ചുകൊണ്ടും, സ്ഥലം വകുപ്പിന് കൈമാറിയ നടപടി ചോദ്യം ചെയ്തുകൊണ്ടും ഒരു സ്വകാര്യ വ്യക്തി കോടതിയിൽ റിട്ട് ഫയൽ ചെയ്തതിനെതുടർന്ന് സ്ഥലം വകുപ്പിന് കൈമാറിയ നടപടി കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ